63

2143 (Pages : 2) Name.......................................

Reg. No.......................................

# FOURTH SEMESTER B.A./B.Sc. DEGREE EXAMINATION, APRIL 2021

(CUCBCSS–UG)

Malayalam

## MAL 4A 04—MALAYALA SAHITHYAM – IV

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ഇസങ്ങൾക്കപ്പുറം' എന്ന കൃതിയുടെ കർത്താവാര് ?

2 മലയാളഭാഷ ഉൾപ്പെടുന്ന ഭാഷാഗോത്രമേത് ?

3 നാണയം എന്ന നിലയിൽ 'ചക്രം' നിലവിലുണ്ടായിരുന്ന നാട്ടുരാജ്യമേത് ?

4 അക്കിത്തത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

5 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന കൃതിയുടെ കർത്താവാര് ?

6 സംഘകാലത്ത് യുദ്ധവിജയത്തിനു വേണ്ടി ആരാധിച്ചിരുന്ന ദേവി ആര് ?

7 കേരളത്തിലെ ദായക്രമത്തെക്കുറിച്ച് ആദ്യമായി പരാമർശിച്ച വിദേശ സഞ്ചാരിയാര് ?

8 'ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരു ഭാഷയിലെ തത്തുല്യമായ പാഠ്യവസ്തു കൊണ്ട് ആദേശം ചെയ്യുന്നതാണ് വിവർത്തനം'—ഇങ്ങനെ പറഞ്ഞതാരാണ് ?

9 'The open window' എന്ന കഥയുടെ കർത്താവാര് ?

10 ഇ.എം.എസിനെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ട് എം. മുകുന്ദൻ രചിച്ച നോവലേത് ?

(10 × ½ = 5 marks)

II. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കഥാകാരന്മാർക്ക് തലയുടെ പിൻവശവും കണ്ണുകൾ വേണമെന്ന് ജാവേദ് പറയുന്നതെന്തുകൊണ്ടാണ് ?

12 പിൻവിവർത്തനം (Back Translation) എന്നാലെന്ത് ?

13 അയ്യൻകാളിയ്ക്ക് 'പുലയരാജാവ്' എന്ന വിശേഷണം ലഭിച്ചതെങ്ങനെ ?

14 അക്കിത്തം മാരാരെ കബളിപ്പിച്ചതെങ്ങനെയാണ് ?

15 മരിച്ചവർക്ക് മരണാനന്തര ജീവിതം നല്കുന്നത് വാക്കാണെന്നു പറയുന്നതിന്റെ പിന്നിലെ ഔചിത്യം എന്ത് ?

(5 × 2 = 10 marks)

Turn over

Scanned with OKEN Scanner

64





III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 'പ്രത്യയ ശാസ്ത്രങ്ങൾ മാത്രമല്ല, കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു' സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 മരണത്തിലും വേർപെടാത്ത ഒരനുഭവമാണ് മരിച്ചവന്റെ ആടകൾ—വിശദമാക്കുക.

18 ദളിതരുടെ സഞ്ചാരസ്വാതന്ത്ര്യ സമരത്തിന് അയ്യങ്കാളി നേതൃത്വം നൽകിയതെങ്ങനെയെന്ന് വിവരിക്കുക.

19 കേരളത്തിലെ ആദിവാസികൾക്കിടയിൽ നിലനിന്നു പോന്ന വിവാഹ സമ്പ്രദായത്തെക്കുറിച്ച് ഉപന്യസിക്കുക.

20 കലാകാരൻ ആത്മാർത്ഥതയുള്ളവനും സത്യസന്ധനുമായിരിക്കണമെന്ന് പറയുന്നതെന്തുകൊണ്ടാണ്

21 ഗദ്യത്തിൽ പടച്ചു വിടുന്ന പ്രാസം ഒഴിവാക്കുന്നതാണ് നല്ലതെന്ന് കാരശ്ശേരി അഭിപ്രായപ്പെടുന്നതെന്തു കൊണ്ടാണ് ?

22 ഭാഷാഭേദം ഏതൊരു ഭാഷയുടെയും സ്വത്വത്തിന്റെ ഭാഗമാണ്—'മാറുന്ന മലയാളം' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 ഉത്തരാധുനികത നോവലിന്റെ സവിശേഷതകൾ 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന കൃതിയിൽ എത്രത്തോളം പ്രകടമാണെന്ന് പരിശോധിക്കുക.

24 നാട്ടു ഭാഷാ വിദ്യഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഏ. ആറിന്റെ അഭിപ്രായം സംഗ്രഹിക്കുക.

25 തന്റെ കാവ്യജീവിതത്തെ സ്വാധീനിച്ച വ്യക്തിത്വങ്ങളെ അക്കിത്തം സ്മരിക്കുന്നതെപ്രകാരമാണെന്ന് വിലയിരുത്തുക.

26 കേരളത്തിലെ ആദിവാസികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങൾ ഏവ വിശദമാക്കുക.

27 ഗബ്രിയേൽ ഗാർഷ്യമാർക്വേസ് തന്റെ നോബൽ സമ്മാന പ്രസംഗത്തിലൂടെ വെളിപ്പെടുത്തുന്ന ലാറ്റിനമേരിക്കൻ ജനതയുടെ യഥാർത്ഥ ജീവിതചരിത്രം എന്ത് ? വിശദമാക്കുക.

28 ഒരു കലാകാരൻ അയാൾ നിലനില്ക്കുന്ന ചരിത്ര ഘട്ടത്തോട് നടത്തുന്ന ഏറ്റവും നഗ്നമായ ആത്മപ്രതികരണമാണ് യഥാർത്ഥ കല–കലയും കാലവും എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(4 × 10 = 40 marks)

Scanned with OKEN Scanner